ഓലമേഞ്ഞ സ്കൂൾ കെട്ടിടങ്ങൾ കോൺക്രീറ്റ് ചെയ്യാൻ നടപടി

29 [1537] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓലമേഞ്ഞ സ്കൂൾ കെട്ടിടങ്ങൾ കോൺക്രീറ്റ് ചെയ്യുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ഈ ആവശ്യത്തിലേക്ക് എന്തൊക്കെ സഹായങ്ങളാണ് കേന്ദ്ര സർക്കാർ വാഗ്ദാനം ചെയ്തിരുന്നത്;

(ഡി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഇതിനകം കോൺക്രീറ്റ് ചെയ്ത സ്കൂൾ കെട്ടിടങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) ഓലമേഞ്ഞ സ്കൂൾ കെട്ടിടങ്ങൾ കോൺക്രീറ്റ് ചെയ്യുന്ന പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലകളിലും സ്ഥിരം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

(സി) സംസ്ഥാനത്തെ ഗവൺമെന്റ് എൽ. പി., യു. പി. സ്കൂളുകളിൽ അഡീഷണൽ ക്ലാസുമുറികൾ നിർമ്മിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഡി) ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

സേ പരീക്ഷ എഴുതുവാൻ അനുവദിച്ചിട്ടുള്ള വിഷയങ്ങൾ

30 [1538] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, പി. ടി. തോമസ്:
,, കെ. മോഹൻകുമാർ:
പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. വി. ഡി. സതീശൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് ആകെ എത്ര പേപ്പറുകളാണുള്ളത്;

(ബി) ഇവയിൽ എത്ര പേപ്പറുകൾ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനായി 'സേ' പരീക്ഷ എഴുതുവാൻ അനുവദിച്ചിട്ടുണ്ട്;

† അനുബന്ധം I.

LIBRARY ARCHIVES Kerala Legislative Assembly

(സി) അടുത്ത വർഷം എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് എത്ര പേപ്പറുകൾ ഉണ്ടായിരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) അപ്പോൾ 'സേ' പരീക്ഷ എഴുതുവാനുള്ള പേപ്പറുകളുടെ എണ്ണം കുറയ്ക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എസ്. എസ്. എൽ, സി. പുതിയ സ്കീം (2005) പരീക്ഷയ്ക്ക് ഐ. റ്റി. ഉൾപ്പെടെ 13 പേപ്പറുകളാണുള്ളത്.

(ബി) ഇവയിൽ 2 വിഷയങ്ങളിലായി പരമാവധി 5 പേപ്പറുകൾവരെ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനായി 'സേ' പരീക്ഷ എഴുതാവുന്നതാണ്.

(സി) അടുത്ത വർഷവും എസ്. എസ്. എൽ. സി. പുതിയ സ്കീം പരീക്ഷയ്ക്ക് 13 പേപ്പറുകൾ ഉണ്ടായിരിക്കുന്നതാണ്.

(ഡി) 'സേ' പരീക്ഷ എഴുതുന്നതിനുള്ള പേപ്പറുകളുടെ എണ്ണത്തിൽ കുറവുവരുത്തുന്നതിന് തീരുമാനിച്ചിട്ടില്ല.

സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് യൂണിയനുമായി ചർച്ച നടത്താൻ നടപടി

31 [1542] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കേരള സയൻസ് ആൻറ് ടെക്നോളജി മ്യൂസിയത്തിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിനുമുമ്പ് ജീവനക്കാരുടെ യൂണിയനുമായി ചർച്ച നടത്തണമെന്നുള്ള വകുപ്പുമന്ത്രിയുടെ നിർദ്ദേശത്തെ മറികടന്ന് ഡ്രാഫ്റ്റ് റൂൾസ് സർക്കാരിൻറെ അംഗീകാരത്തിനായി സമർപ്പിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 9-12-2004-ൽ യൂണിയൻ പ്രതിനിധികളും ബഹുമാനപ്പെട്ട മന്ത്രിയുമായി ചർച്ച നടത്തിയതിന് വിപരീതമായി ഡ്രാഫ്റ്റ് റൂൾ സർക്കാർ അംഗീകാരത്തിനായി അയച്ച ഉദ്യോഗസ്ഥൻറെ പേരിൽ നടപടി കൈക്കൊള്ളുമോ;

(സി) സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് യൂണിയനുമായി ചർച്ച നടത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 14-11-2003-ലാണ് സ്പെഷ്യൽ റൂൾ അംഗീകാരത്തിനായി മ്യൂസിയം ഡയറക്ടർ സർക്കാരിന് സമർപ്പിച്ചത്. സ്പെഷ്യൽ റൂൾസിൻറെ കരട് മ്യൂസിയം ഗവേണിംഗ് ബോഡി അംഗീകരിക്കുന്നതിനു മുമ്പുതന്നെ ജീവനക്കാരുടെ യൂണിയനുകളുമായി ചർച്ച നടത്തിയിരുന്നു.

(ബി) എ-യുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(സി) ഇക്കാര്യം ഇപ്പോൾ പ്രസക്തമല്ല.

LIBRARY ARCHIVES Kerala Legislative Assembly